സി4/20317/2017/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 06.03.2019

## സർക്കുലർ

വിഷയം :- കോളേജ് വിദ്യാഭ്യാസ വകുപ്പ് – അറ്റൻഡർ - ജൂനിയർ/സീനിയർ അനോമലി പരിഹരിക്കുന്നത് - സംബന്ധിച്ച്

സൂചന:- സർക്കാരിൽ നിന്നുള്ള 23.06.2018-ലെ എഫ്1/324/2017/ഉ.വി.വ നമ്പർ കത്ത്

***************

തിരുവനന്തപുരം സർക്കാർ വനിതാ കോളേജിൽ അറ്റൻഡർ ആയി ജോലി ചെയ്തുവരുന്ന ശ്രീ.അജിത്ത്.സി, ശ്രീ.ദീപു ശശിധരൻ എന്നിവർ ടിയാന്മാരേക്കാൾ ജൂനിയർ ആയ ചില ജീവനക്കാർക്ക് ടിയാന്മാരേക്കാൾ കൂടുതൽ ശമ്പളം ലഭിക്കുന്നു എന്ന് പരാതി സമർപ്പിച്ചിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിന് സർക്കാരിൽ നിന്നും സൂചന (1) പ്രകാരം നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

20.01.2016-ലെ ശമ്പള പരിഷ്കരണ ഉത്തരവ് ജി.ഒ(പി) നമ്പർ 7/16 അനുസരിച്ച് പ്രാബല്യ തീയതി ആയ 01.07.2014-ന് ശേഷം പ്രൊമോഷൻ/ഫിക്സേഷൻ ലഭിച്ച ജൂനിയറായ അറ്റൻഡർമാർക്കാണ് സീനിയറായ അറ്റൻഡർമാരേക്കാൾ കൂടുതൽ ശമ്പളം ലഭിക്കുന്നത്. ഇത് 2014 പ്രാബല്യത്തിലുള്ള ശമ്പളം പരിഷ്കരണം മൂലമുണ്ടായ അനോമലി ആയതിനാൽ ആയത് പരിഹരിച്ച് സീനിയർ അറ്റൻഡർമാർക്ക് പേ സ്റ്റെപ്പ് അപ് ചെയ്തു കൊടുക്കുന്നതിലേയ്ക്കായി കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ അറ്റൻഡർ തസ്തികയിൽ 01.01.2010 മുതൽ 31.06.2014 വരെ അറ്റൻഡർമാരായി പ്രൊമോഷൻ ലഭിച്ച ജീവനക്കാരുടെ സേവന പുസ്തകം അതാത് സ്ഥാപന മേധാവികൾ പരിശോധിച്ച് അനോമലിയിൽ ഉൾപ്പെട്ടിട്ടുണ്ട് എങ്കിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ സ്റ്റേറ്റ്മെന്റ്, സേവന പുസ്തകം എന്നിവ സഹിതം ഈ ഓഫീസിലേയ്ക്ക് അയച്ചുതരേണ്ടതാണ്. അനോമലി പരിഹരിക്കുന്ന ആവശ്യത്തിലേയ്ക്കായി 01.07.2014 മുതൽ 31.12.2014 വരെ അറ്റൻഡർമാരായി പ്രൊമോഷൻ ലഭിച്ച ജീവനക്കാരുടെയും സേവന പുസ്തകങ്ങൾ കൂടി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. സേവനപുസ്തകങ്ങൾ 2019 മാർച്ച് 31-നകം ഈ ഓഫീസിൽ നിർബന്ധമായും എത്തിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

(ഒപ്പ്/-)
ഷൂജ.ആർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി

പകർപ്പ്: 1. കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എല്ലാ സ്ഥാപന മേധാവികൾക്കും
2. കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ജോലി ചെയ്തുവരുന്ന എല്ലാ അറ്റൻഡർമാരുടെയും ശ്രദ്ധയ്ക്കും

//അംഗീകാരത്തോടെ//

എസ്.ആർ/21.02.2019

സൂപ്രണ്ട്

0770919 GOVERNMENT OF KERALA